CC-0. In Public Domain. Digitization by eGangotri

കേരള സർക്കാർ

സാംസ്കാരിക കാര്യ വകുപ്പ്

സംസ്ഥാന പുരാരേഖാ വകുപ്പ്

വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം

വൈക്കം മുൻസിപ്പാലിറ്റി ഓഫീസിന് സമീപം, വൈക്കം. പി. ഒ., കോട്ടയം

ഫോൺ : 0482 9291857

ഗാന്ധിജയന്തി സ്പെഷ്യൽ ട്രെയിൻ യാത്ര-2025

CC-0. In Public Domain. Digitization by eGangotri

സംസ്ഥാന പുരാരേഖാ വകുപ്പ്



ചരിത്രത്തിന്റെ ഇടനാഴികളിലൂടെ മനുഷ്യകുലം നടത്തിയ യാത്രയുടെ സാക്ഷ്യപത്രങ്ങളാണ് പുരാരേഖകൾ. അമൂല്യമായ ഈ പൈതൃക സമ്പത്തിനെ ശാസ്ത്രീയമായി സംരക്ഷിച്ച് വരുംതലമുറകൾക്കായ് സൂക്ഷിക്കുന്ന സ്ഥാപനമാണ് സംസ്ഥാന പുരാരേഖാ വകുപ്പ്. അമൂല്യമായ ഇത്തരം രേഖകളുടെ പ്രദർശനം ജനതയുടെ ചരിത്രബോധം വർദ്ധിപ്പിക്കുന്നതിനും ചരിത്രപഠനത്തിലുള്ള താത്പര്യം വളർത്തുന്നതിനും സഹായകരമാകും എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് പുരാരേഖാ വകുപ്പ് മ്യൂസിയങ്ങൾ ആരംഭിച്ചിട്ടുള്ളത്. അത്തരത്തിലുള്ള ഒരു തീമാറ്റിക് മ്യൂസിയമാണ് **വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം.**

മുഖ്യമന്ത്രിയായിരുന്ന **ശ്രീ. ഉമ്മൻ ചാണ്ടി** 23-8-2015-ന് വൈക്കം സത്യാഗ്രഹ സ്മാരക മന്ദിരത്തിന് മുന്നിലെ ഗാന്ധി പ്രതിമ രാഷ്ട്രത്തിന് സമർപ്പിച്ചു. 2018 ജൂൺ മാസം 8-ന് ബഹു: പുരാരേഖാ വകുപ്പ് മന്ത്രി **ശ്രീ. രാമചന്ദ്രൻ കടന്നപള്ളി** ഉത്ഘാടനം നിർവഹിച്ച മ്യൂസിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ 2020 ജനുവരി 21-ന് പൂർത്തീകരിച്ചുകൊണ്ട് പൊതുജനങ്ങൾക്കായി സമർപ്പിക്കുകയുണ്ടായി.

CC-0. In Public Domain. Digitization by eGangotri

ഗാന്ധി ഹെറിറ്റേജ് സൈറ്റ്സ് മിഷന്റെ ഗ്രാന്റ് ഉപയോഗിച്ച് വൈക്കം നഗരസഭയുടേയും കേരളം മ്യൂസിയത്തിന്റേയും സഹകരണത്തോടെ വൈക്കം നഗരസഭാ കെട്ടിടത്തിലാണ് ആർക്കൈവ്സ് വകുപ്പ് മ്യൂസിയം സജ്ജീകരിച്ചിട്ടുള്ളത്

തൊട്ടുകൂടായ്മ, തീണ്ടൽ എന്നീ സാമൂഹ്യ ദുരാചാരങ്ങൾക്കെതിരെ കോട്ടയം ജില്ലയിലെ വൈക്കം മഹാദേവ ക്ഷേത്രത്തെ കേന്ദ്രീകരിച്ച് 1924 മാർച്ച് 30 മുതൽ 1925 നവംബർ 23 വരെ നീണ്ടുനിന്ന സത്യാഗ്രഹ പ്രസ്ഥാനമാണ് **വൈക്കം സത്യാഗ്രഹം.** ക്ഷേത്രത്തിന് സമീപത്തുള്ള പൊതു വഴിയിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതായിരുന്നു സത്യാഗ്രഹത്തിന്റെ ലക്ഷ്യം. സത്യാഗ്രഹത്തിന് **ഗാന്ധിജി, ശ്രീനാരായണഗുരു** തുടങ്ങിയ പ്രമുഖരുടെ പിന്തുണയുണ്ടായിരുന്നു. രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടിയുള്ള ഒരു സമരമായിരുന്നില്ല വൈക്കം സത്യാഗ്രഹം എങ്കിലും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടിയുള്ള ഒരു സംഘടിത പ്രക്ഷോഭം എന്ന നിലയിൽ ദേശീയ പ്രക്ഷോഭത്തിന്റെ നയരൂപീകരണത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ ഈ ജനകീയ പ്രക്ഷോഭത്തിന് കഴിഞ്ഞതായി ചരിത്രകാരൻമാർ വിലയിരുത്തിയിട്ടുണ്ട്. കേരള നവോത്ഥാന നഭസ്സിൽ നിർണ്ണായക പങ്ക് വഹിച്ച വൈക്കം സത്യാഗ്രഹത്തെ അനുസ്മരിക്കുന്നതിനും അടുത്തറിയുന്നതിനും സഹായകരമായ വിധത്തിലാണ് വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയം ഒരുക്കിയിട്ടുള്ളത്.

ഗ്യാലറികളിലൂടെ....

ആമുഖ ഗ്യാലറി

പൗരസ്വാതന്ത്ര്യത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും വേണ്ടി ഇന്ത്യയിൽ നടന്ന സമരങ്ങളിൽ പ്രഥമ സ്ഥാനമുള്ള വൈക്കം സത്യാഗ്രഹത്തിന്റെ സാമൂഹിക പശ്ചാത്തലം വിവരിക്കുന്ന പ്രദർശനമാണ് ആമുഖ ഗ്യാലറിയിൽ ക്രമീകരിച്ചിരിക്കുന്നത്.

CC-0. In Public Domain. Digitization by eGangotri

വഴിതെളിച്ചവർ

നീചമായ ജാതിവ്യവസ്ഥക്കെതിരെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ കേരളത്തിലുടനീളം ഉയർന്നുവന്ന പ്രതിഷേധങ്ങൾക്ക് നേതൃത്വം നൽകിയ സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുന്ന ഗ്യാലറി .

പ്രധാന സംഭവങ്ങൾ

1920 ജൂലൈ 27-ന് വഴി നടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി നിയമസഭ ചർച്ച ചെയ്യുന്നു.

സ്റ്റേറ്റ് കോൺഗ്രസ് വിഷയത്തിൽ ഇടപെടുന്നു.

ഗാന്ധിജിയുടെ രംഗപ്രവേശം തൊട്ടുകൂടായ്മ നിർമാർജ്ജന കമ്മറ്റിയുടേയും അയിത്തോച്ചാടന കമ്മറ്റിയുടേയും രൂപീകരണം.

സ്റ്റേറ്റ് കോൺഗ്രസ് മഹാസമ്മേളനം, തുടങ്ങിവൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ ഈ ഗ്യാലറിയിൽ സജ്ജീകരിച്ചിരിക്കുന്നു.

ഉയരുന്ന പ്രതിഷേധം

സത്യാഗ്രഹത്തെ നിയന്ത്രിക്കാനുള്ള അധികൃതരുടെ ശ്രമത്തെ തുടർന്നുള്ള പ്രതിഷേധങ്ങൾ

CC-0. In Public Domain. Digitization by eGangotri



സത്യാഗ്രഹി കളുടെ പ്രതിജ്ഞ

കെ. പി. കേശവമേനോന്റെ പ്രഖ്യാപനം.

വൈക്കം ആശ്രമം സമരഭടൻമാർക്ക് വിട്ടു കൊടുത്തത്, തുടങ്ങി

പ്രതിഷേധത്തിന്റെ വിവിധ രൂപങ്ങൾ ഈ ഗ്യാലറിയിൽ കാണാം.

മർദ്ദനങ്ങളും ഭീഷണികളും അതിജീവിക്കാൻ ഉറച്ച നേതൃത്വം

ബാരിസ്റ്റർ ജോർജ്ജ് ജോസഫ്
മഹാത്മാ ഗാന്ധിക്ക് അയച്ച കമ്പി സന്ദേശം.

ഇ. വി. രാമസ്വാമി നായ്കരുടെ വരവ്.

ആറാട്ടു ദിവസം ഹർത്താൽ.

മഹാത്മജിയുടെ കർശന നിർദ്ദേശങ്ങൾ, തുടങ്ങി

അധികാരവർഗ്ഗത്തിന്റെ ഭീഷണികളും അതിനെതിരെ സത്യാഗ്രഹികളുടെ അതിജീവനവും പരിചയപ്പെടുത്തുന്ന ഗ്യാലറി.

ഫോട്ടോ ഗ്യാലറി

മഹാത്മാഗാന്ധിയുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങൾ കാണിക്കുന്ന ഫോട്ടോ ഗ്യാലറി, വൈക്കം സത്യാഗ്രഹ നേതാക്കളുടെ ഫോട്ടോ ഗ്യാലറി എന്നിവ സന്ദർശകർക്കായി ഒരുക്കിയിരിക്കുന്നു.

CC-0. In Public Domain. Digitization by eGangotri

ഡോക്യുമെന്ററി പ്രദർശനം

വൈക്കം സത്യാഗ്രഹത്തിന്റെ നാൾവഴികളും സാമൂഹ്യ പശ്ചാത്തലവും സത്യാഗ്രഹവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളും കോർത്തിണക്കി ചിത്രീകരിച്ച ഡോക്യുമെന്ററി.

പ്രവർത്തിസമയം രാവിലെ 10 മുതൽ വൈകിട്ട് 5 വരെ
തിങ്കൾ അവധി

ടിക്കറ്റ് നിരക്ക്

കുട്ടികൾ	5 രൂപ
മുതിർന്നവർ	25 രൂപ
മൊബൈൽ ക്യാമറ	20 രൂപ
ക്യാമറ	50 രൂപ
വീഡിയോ ക്യാമറ	550 രൂപ
ടെലിഫിലിം	10500 രൂപ
ഫീച്ചർ ഫിലിം ടിക്കറ്റ്	26500 രൂപ

Location

Vaikkom Sathyagraha Smaraka Gandhi Museum
Near Vaikkom Municipality Office, Vaikkom
Phone : **0482 9291857**
E-mail : vsgmvaikom@gmail.com
Website : www.keralaarchives.org

STATE ARCHIVES DEPARTMENT
DIRECTORATE
Nalanda ,Thiruvananthapuram
Phone **0471 2311547**
E-mail : keralaarchives@gmail.com
Website : www.keralaarchives.org



കേരളസർക്കാർ പ്രസ്സ് തിരുവനന്തപുരം-2025